വ്യക്തികൾക്കുള്ള അപേക്ഷ കളക്ടർക്കാണ് കൊടുക്കേണ്ടത്. കളക്ടറും തഹസീൽദാരും കമ്മിറ്റിയുടെ വ്യത്യാസം അനുസരിച്ച് പെർമിറ്റു കൊടുക്കുന്നുണ്ട്. ഇതാണ് ഇന്ന് നില നിൽക്കുന്ന സമ്പ്രദായം. ഈ സമ്പ്രദായം കൊണ്ട് കുറച്ച് ആശ്വാസമുണ്ട്. എന്നാലും ബുദ്ധിമുട്ടുണ്ട്. മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്നു. കാരണം, നമ്മുടെ ആവശ്യത്തിനനുസരിച്ചുള്ള സിമൻറു വരുന്നില്ല. ഒരു കമ്പാർട്ടറിലെ സിമൻറു വന്നു കഴിഞ്ഞാൽ അടുത്ത കമ്പാർട്ടറിലെ സിമൻറിനു വേണ്ടി കാത്തിരിക്കേണ്ടി വരും. സിഡ്കോ പണം വാങ്ങിച്ചു വയ്ക്കുന്നു എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. അതു ശരിയല്ല. പണം അടച്ചിട്ട് അവർ കാത്തിരിക്കുകയാണ്. പണം വാങ്ങിച്ചു വച്ച് അവർ ബിസിനസ് നടത്തുകയെന്നുള്ളതല്ല ഉദ്ദേശം. അതിലും മാറ്റം വരുത്തണമെങ്കിൽ മാറ്റം വരുത്തുന്നതിനെപ്പറ്റി ആലോചിക്കാം. എന്തായാലും ഇടനില ലാഭം ആവശ്യമില്ല. ആകെ കിട്ടുന്നതിന്റെ 35 ശതമാനം ഗവൺമെൻറ്—അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങൾക്കു വേണ്ടിയാണ് ഉപയോഗിക്കുന്നത്. ബാക്കിയാണ് നാട്ടുകാർക്കു വേണ്ടി ഉപയോഗിക്കാനുള്ളത്. അതിൽ തന്നെ പെർമിറ്റു സിസ്റ്റം ഏർപ്പെടുത്തിയപ്പോൾ സ്റ്റോക്കിസ്റ്റുകളെ എലിമിനേറ്റു ചെയ്യാൻ ഉദ്ദേശിച്ചില്ല. അവരും ഒരു പരിധി വരെ നില നിൽക്കുന്നു. അവർക്കും കുറച്ച് അലോട്ടു ചെയ്യുന്നു. അവരും കൺസ്യൂമേഴ്സിനു തഹസീൽദാരുടെയോ കളക്ടറുടേയോ പെർമിറ് അനുസരിച്ച് കൊടുക്കുന്നുണ്ട്. ഈ പെർമിറ്റു സിസ്റ്റം ഏർപ്പെടുത്തിയപ്പോൾ അഞ്ചോ പത്തോ ചാക്ക് സിമൻറ് ആവശ്യമുള്ള ആളുകൾ ഇവിടെ പറഞ്ഞതു പോലെ ഇഞ്ചിനീയറുടെ സർട്ടിഫിക്കറിനു ഓടി നടന്നു ബുദ്ധിമുട്ടരുത് എന്നു ഗവൺമെൻറിനു തോന്നി. അതുകൊണ്ട് പഞ്ചായത്തു എക്സിക്യൂട്ടീവ് ഓഫീസറുടേയോ മുനിസിപ്പൽ കമ്മീഷണറുടേയോ സർട്ടിഫിക്കറു ഹാജരാക്കിയാൽ അതു അഞ്ചു ചാക്കു വരെ സിമൻറ് നേരിട്ട് സ്റ്റോക്കിസ്റ്റുകളിൽ നിന്ന് ആളുകൾക്ക് വാങ്ങിക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

സർ, ഇതെല്ലാം ചെയ്തിട്ടും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. അതിനുള്ള കാരണം നമ്മുടെ ആവശ്യത്തിനനുസരിച്ചുള്ള സിമൻറിന്റെ 60 ശതമാനമേ അലോട്ടു ചെയ്യുന്നുള്ളു എന്നുള്ളതാണ്. കൂടുതൽ അലോട്ടുമെൻറ് കിട്ടാൻ ശ്രമിക്കുന്നുണ്ട്. ഇപ്പോഴത്തെ വിതരണ സമ്പ്രദായം നിരന്തരമായി പരിശോധനയ്ക്കു വിധേയമാക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പറൻമാരുടെ ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും സ്വാഗതാർഹമാണ്. ഇതിനകത്ത് ആവശ്യമായ മാറ്റങ്ങളും വരുത്താൻ ഗവൺമെൻറ് തയ്യാറായിരിക്കും.

III. റിപ്പോർട്ടു സമർപ്പിക്കൽ

പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 19-ാമത്തു റിപ്പോർട്ട്

ശ്രീ. എം. കെ. കൃഷ്ണൻ: പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 19-ാമത്തു റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

എസ്റ്റിമേറ്റു കമ്മിറ്റിയുടെ നാലാമത്തു റിപ്പോർട്ട്

Shri K. C. Vamadevan: Sir, I present the fourth report of the Estimate Committee.

LIBRARY ARCHIVES Kerala Legislative Assembly